"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-**DGE/10038/2026-sports2** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **11-06-2026**

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം 2026-ലെ ഫിഫ വേൾഡ് കപ്പിനോടനുബന്ധിച്ച് '1 മില്ല്യൺ തൂഫാൻ ഗോൾസ് @ വേൾഡ് കപ്പ് 2026' എന്ന പേരിൽ പ്രത്യേക ക്യാമ്പെയിൻ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന :- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09/06/2026 തീയതിയിലെ നിർദേശം

*****

ഫിഫ ലോക കപ്പിനോടനുബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ '1 മില്ല്യൺ തൂഫാന് ഗോൾസ് @ വേള്ഡ് കപ്പ് 2026' എന്ന പേരിൽ 2026 ജൂണ് 11 മുതൽ ജൂലൈ 20 വരെ നീണ്ടുനിൽക്കുന്ന സംസ്ഥാനതല ക്യാമ്പെയിൻ സംഘടിപ്പിക്കുന്നു. വിദ്യാഭ്യാസം, കായികം, സാങ്കേതികവിദ്യ, ലഹരി വിരുദ്ധ ബോധവൽക്കരണം എന്നിവ സമന്വയിപ്പിച്ചുള്ള ഒരു സമഗ്ര മുന്നേറ്റമായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. "ധീരമായി കളിക്കുക, ശുദ്ധിയായി ജീവിക്കുക, ഒരുമിച്ച് ജയിക്കുക" എന്ന സന്ദേശമുയർത്തുന്ന ഈ ക്യാമ്പെയിൻ കേരളത്തിലെ വിദ്യാലയങ്ങളിൽ രൂപപ്പെടുന്ന ഒരു പുതിയ സാമൂഹിക-വിദ്യാഭ്യാസ മുന്നേറ്റമായി മാറേണ്ടതുണ്ട്. കേരളത്തിലെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കാളികളാക്കിയാണ് ഈ ക്യാമ്പെയിൻ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്:

1. പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സ്കൂൾ കുട്ടികൾ ഏറ്റവും കുറഞ്ഞത് 10 ലക്ഷം ഗോളുകൾ (1 Million Goals) അവരവരുടെ സ്കൂളുകളിൽ നിന്ന്

അടിക്കുക എന്നതാണുദ്ദേശിക്കുന്നത്. അതിനായി ഓരോ സ്കൂളിലും പ്രത്യേക ഗോൾ പോസ്റ്റ് സജ്ജമാക്കി ഗോളടിക്കൽ പരിപാടി നടത്തേണ്ടതാണ്.

2. എല്ലാ സ്കൂളുകളിലും താല്ക്കാലിക 'തൂഫാന് ഗോള് പോസ്റ്റുകള്' സ്ഥാപിച്ച് പെനാല്റ്റി കിക്കുകള് സംഘടിപ്പിക്കാവുന്നതാണ്. ഇതിന്റെ ടാര്ഗെറ്റ് സോണുകള് ജീവിതത്തിലെ ലക്ഷ്യങ്ങളെ (ഉപരിപഠനം, കല, സാങ്കേതികവിദ്യ, ആരോഗ്യം) പ്രതിനിധീകരിക്കുന്ന തരത്തില് സന്ദേശങ്ങള് ഉള്പ്പെടുത്താവുന്നതാണ്. ലഹരിയെ മറികടന്ന് 'ശുദ്ധമായ ജീവിതത്തിലേയ്ക്ക്' ഗോളടിക്കുന്നത് കുട്ടികളില് വലിയൊരു മാനസിക സ്വാധീനം ചെലുത്തും എന്നതിനാല് ഗോള് പോസ്റ്റുകള് സ്കൂള് അങ്കണത്തിലോ മൈതാനത്തിലോ പ്രത്യേകമായി സജ്ജമാക്കേണ്ടതാണ്.
3. ഗോളടിക്കുന്ന കുട്ടികളുടെയും മറ്റുള്ളവരുടെയും പേരും ഒപ്പും ഒരു പ്രത്യേക ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കാവുന്നതാണ്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായി ഓരോ സ്കൂളും അടിക്കുന്ന ഗോളുകൾ കൈറ്റ് 'സമ്പൂര്ണ' പോര്ട്ടലില് സജ്ജമാക്കിയിട്ടുള്ള **Goal2026** എന്ന ലിങ്കില് സ്കൂൾ പ്രഥമാധ്യാപകരോ ചുമതലപ്പെടുത്തിയ മറ്റ് അധ്യാപകരോ കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.
4. സ്കൂളുകൾ രേഖപ്പെടുത്തുന്ന ഗോളുകളുടെ എണ്ണം (സ്കൂൾ, സബ്ജില്ലാ, ജില്ലാ, സംസ്ഥാന അടിസ്ഥാനത്തിൽ ഓരോ ദിവസവും സ്കോർ ചെയ്യുന്ന ഗോളുകൾ) തത്സമയം **goal2026.kite.kerala.gov.in** പോര്ട്ടല് വഴി പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നതാണ്.
5. ഒരു ദിവസത്തില് എത്ര പ്രാവശ്യം വേണമെങ്കിലും സമ്പൂര്ണ പോര്ട്ടല് വഴി സ്കൂളുകള്ക്ക് ഗോളുകളുടെ എണ്ണം നല്കാവുന്നതാണ്. ഇതിന്റെ യൂസര് ഗൈഡ് കൈറ്റ് തയ്യാറാക്കി നല്കുന്നതാണ്.
6. ഒരു കുട്ടിയുടെ ഒരു ഗോള് മാത്രമേ രേഖപ്പെടുത്താവൂ.
7. പദ്ധതിയുടെ ഭാഗമായി സ്കൂളുകള്ക്കായി സംസ്ഥാന തലത്തിൽ റീൽസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്. സ്കൂളുകൾ തയ്യാറാക്കുന്ന പരമാവധി **9 0** സെക്കന്റ് ദൈര്ഘ്യമുള്ള റീലുകൾ ഓണ്ലൈനിൽ അപ്‌ലോഡ് ചെയ്യുന്നതിന് കൈറ്റ് സംവിധാനം ഒരുക്കുന്നതാണ്.
8. '**1** മില്ല്യന് തൂഫാന് ഗോള്സ് @ വേള്ഡ് കപ്പ് **2026**' പ്രവര്ത്തനങ്ങളാണ് കാര്യമായും റീല്സില് ഉള്പ്പെടുത്തേണ്ടത് എന്നതിനാല് ആദ്യം മുതല്

തന്നെ നടത്തുന്ന പരിപാടികള് കൃത്യമായി ഡോക്യുമെന്റ് ചെയ്യാന് സ്കൂളുകള് ശ്രദ്ധിക്കേണ്ടതാണ്.

9. റീല്സ് മത്സരത്തിന്റെ സമയക്രമം, നിബന്ധനകള് തുടങ്ങിയവ കൈറ്റ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.
10. ഈ കാലയളവില് രണ്ടാഴ്ചയിലൊരിക്കല് പരമാവധി **45** മിനിറ്റ് സമയം (ഒരു ഫുട്ബോൾ മാച്ചിന്റെ പകുതിക്ക് തുല്യമായ സമയം) സ്കൂൾ പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ മോണിങ്ങ് അസംബ്ലി നടത്തി പദ്ധതി നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ കുട്ടികളോട് വിശദീകരിക്കാവുന്നതാണ്.
11. ഈ പരിപാടിയിൽ വാം-അപ്പുകൾ, കുട്ടികൾ നയിക്കുന്ന ലോകകപ്പ് വാർത്താ ബുള്ളറ്റിനുകൾ, ചരിത്രപരമായ കായിക നിമിഷങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ള വിവരങ്ങള് തുടങ്ങിയവ ഉൾപ്പെടുത്താവുന്നതാണ്.
12. ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി '**1** മില്ല്യന് തൂഫാന് ഗോള്സ് @ വേള്ഡ് കപ്പ് **2026**' ഭാഗമായി ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ലഹരിക്ക് റെഡ് കാർഡ്', 'എന്റെ ലക്ഷ്യം ലഹരിയേക്കാൾ വലുതാണ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഗ്രൗണ്ടിൽ പ്രദർശിപ്പിക്കാവുന്നതാണ്.
13. ഓരോ സ്കൂളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് (**SPC**), ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്, സ്കൂൾ പാർലമെന്റ് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി **1 1** അംഗ വിദ്യാർഥി നേതൃത്വ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ലഹരിക്കെതിരെയുള്ള പിയർ-ടു-പിയർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന 'ടീം തൂഫാന്' പിയര് നെറ്റ്വര്ക്ക് ആയി ഇതിനെ വിപുലപ്പെടുത്താം.
14. ടീം തൂഫാൻ അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ ഇടനാഴികളിലും പ്രധാന കവലകളിലും ലഹരിവിരുദ്ധ തെരുവ് നാടകങ്ങൾ, ഫ്ലാഷ് മോബുകൾ, മ്യൂസിക് ബാന്റുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. കുട്ടികള് തയ്യാറാക്കുന്ന ലഹരിവിരുദ്ധ ഡിജിറ്റൽ പോസ്റ്ററുകളും ട്രോളുകളും കൃത്യമായ ഉള്ളടക്ക പരിശോധനകൾക്കു ശേഷം സ്കൂൾ സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ വഴി രക്ഷിതാക്കളിലേക്കും പൊതുജനങ്ങളിലേക്കും എത്തിക്കാവുന്നതാണ്.

15. കുട്ടികൾക്ക് ലോക കപ്പിലെ യഥാർഥ സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ, പ്ലെയർ ഹീറ്റ് മാപ്പുകൾ, എക്സ്പെക്റ്റഡ് ഗോൾസ് (xG) മാനദണ്ഡങ്ങൾ തുടങ്ങിയവ എ.ഐ സഹായത്തോടെ വിലയിരുത്തുന്നതിനുള്ള സാഹചര്യം കമ്പ്യൂട്ടർ ലാബുകളിൽ ഒരുക്കാവുന്നതാണ്. ഇതിനുള്ള മാർഗ നിർദ്ദേശങ്ങളും സാമ്പിൾ പ്രോംപ്റ്റുകളും കൈറ്റ് ലഭ്യമാക്കുന്നതാണ്.

16. ബ്ലെൻഡർ പോലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ 3D ടൂളുകൾ ഉപയോഗിച്ച് ഭാവിയിലേക്കാവശ്യമായ പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ സ്മാർട്ട് സ്റ്റേഡിയം മാതൃകകൾ ഡിജിറ്റലായി രൂപകൽപ്പന ചെയ്യുന്ന ഡിസൈൻ ചലഞ്ച് സ്കൂളുകളിൽ സംഘടിപ്പിക്കാവുന്നതാണ്.

17. കുട്ടികളിലെ ഡിജിറ്റൽ ആശയവിനിമയ ശേഷി വളർത്തുന്നതിനായി സ്കൂളുകളിൽ 'കുട്ടികളുടെ മാധ്യമ സംഘ'ത്തെ രൂപീകരിക്കുകയും അവർ നിർമിക്കുന്ന മികച്ച ഓഡിയോ പോഡ്കാസ്റ്റുകൾ, വീഡിയോ മാച്ച് അവലോകനങ്ങൾ, ഡിജിറ്റൽ മാഗസിനുകൾ, വ്ലോഗുകൾ എന്നിവ തയ്യാറാക്കി പ്രദര്ശിപ്പിക്കാവുന്നതുമാണ്.

18. ഓരോ ക്ലാസും ലോകകപ്പിൽ പങ്കെടുക്കുന്ന ഓരോ രാജ്യത്തെ ദത്തെടുക്കുന്ന തരത്തില് ക്രമീകരണം ഒരുക്കാം. മൽസരത്തിൽ പങ്കെടുക്കുന്ന രാജ്യത്തിന്റെ ഭൂമിശാസ്ത്രം, സാംസ്കാരിക ചരിത്രം, ഭാഷാ അടിസ്ഥാനങ്ങൾ, പരിസ്ഥിതി നയങ്ങൾ തുടങ്ങിയവയെക്കുറിച്ച് കുട്ടികൾ തയ്യാറാക്കുന്ന സാംസ്കാരിക സ്റ്റാളുകളും പരമ്പരാഗത വേഷവിധാനങ്ങളും ഉൾപ്പെടുത്തി 'നേഷൻസ് ഫെയർ' (Nations Fair) സംഘടിപ്പിക്കാവുന്ന താണ്.

19. അന്താരാഷ്ട്ര സമാധാനവും ആഗോള സാഹോദര്യവും പ്രകീർത്തിച്ചു കൊണ്ട് വിദ്യാർഥികൾക്ക് ഡിജിറ്റൽ ആർട്ടുകളും കുറിപ്പുകളും തയ്യാറാക്കി സ്കൂള്‍വിക്കി പോർട്ടലിൽ പ്രദർശിപ്പിക്കാവുന്നതാണ്.

20. കുട്ടികളുടെ പരിമിതികൾക്ക് പകരം അവരുടെ സവിശേഷമായ കഴിവുകൾ ഉയർത്തിക്കാട്ടുന്ന വാർത്തകൾ പങ്കുവെയ്ക്കുക. കായികരംഗത്ത് പ്രതിബന്ധങ്ങളെ മറികടന്ന പാരാലിമ്പ്യന്മാരുടെയും മറ്റ് പ്രതിഭകളുടെയും കഥകൾ ഉൾപ്പെടുത്തിയ പ്രോഗ്രാമുകള് പ്രദര്ശിപ്പിക്കുക തുടങ്ങിയ
പ്രവര്ത്തനങ്ങള് നടത്തേണ്ടതാണ്.

21. സാധാരണ വിദ്യാർഥികളെയും ഭിന്നശേഷിക്കാരായ കുട്ടികളെയും (CwSN)

ഒരേ ടീമുകളിൽ അണിനിരത്തിക്കൊണ്ട് മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

22. ഓരോ സ്കൂളും അവരുടെ '1 മില്ല്യന് തൂഫാന് ഗോള്സ് @ വേള്ഡ് കപ്പ് 2026'- മായി ബന്ധപ്പെട്ട വിവിധ പ്രവര്ത്തനങ്ങളുടെ നല്ല ചിത്രങ്ങള് സ്കൂള്വിക്കി പോര്ട്ടലിലെ goal2026.kite.kerala.gov.in ലിങ്കിലൂടെ അപ്ലോഡ് ചെയ്യേണ്ടതാണ്. ഈ കാലയളവില് ഒരു സ്കൂളിന് പരമാവധി 10 ചിത്രങ്ങളാണ് അപ്ലോഡ് ചെയ്യാന് അവസരം ലഭിക്കുക എന്നതിനാല് നല്ല ചിത്രങ്ങള് തെരഞ്ഞെടുക്കാന് ശ്രദ്ധിക്കേണ്ടതാണ്. സ്കൂള്വിക്കിയില് അപ്ലോഡ് ചെയ്യാനുള്ള വിശദാംശങ്ങള് കൈറ്റ് പ്രത്യേകം പുറപ്പെടുവിക്കും.
23. '1 മില്ല്യന് തൂഫാന് ഗോള്സ് @ വേള്ഡ് കപ്പ് 2026' ക്യാമ്പെയിനുമായി ബന്ധപ്പെട്ട് ലോക കപ്പുകളുടെ ചരിത്രം, ഫുട്ബോളും മാനസിക ആരോഗ്യവും, ലോക കപ്പ് രാജ്യങ്ങളുടെ ഭൂമിശാസ്ത്രം, ഇന്ക്ലൂസീവ് ചാമ്പ്യന്സ് ഷോക്കേസ് തുടങ്ങി നിരവധി പരിപാടികള് കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നത് കാണാന് കുട്ടികള്ക്ക് അവസരം ഒരുക്കേണ്ടതാണ്.
24. ഡിജിറ്റല് പ്രവര്ത്തനങ്ങള്ക്കും ഡോക്യുമെന്റേഷനും ലിറ്റില് കൈറ്റ്സ് ഐ.ടി ക്ലബ്ബുകള് സ്വന്തം സ്കൂളിനു പുറമെ തൊട്ടടുത്ത പ്രൈമറി-അപ്പര് പ്രൈമറി സ്കൂളുകള്ക്കും ആവശ്യമായ സഹായം നല്കേണ്ടതാണ്. ഇക്കാര്യം കൈറ്റ് മെന്റര്മാര് ഉറപ്പാക്കണം.
25. ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തില് നടപ്പാക്കുന്ന പ്രോജക്ട് തൂഫാന് പ്രവര്ത്തനങ്ങള്ക്ക് ആവശ്യമായ പ്രചരണ പ്രവര്ത്തനങ്ങള്ക്ക് എസ്.പി.സി. , എന്.എസ്.എസ്. , സ്കൗട്സ് & ഗൈഡ്സ്, ജെ.ആര്.സി. തുടങ്ങിയ ക്ലബ്ബുകള് മുന്കൈ എടുക്കേണ്ടതാണ്.
26. ആരോഗ്യകരമായ മത്സരാന്തരീക്ഷം ക്യാമ്പെയിന്റെ ഭാഗമായി സ്കൂളുകളില് നിലനില്ക്കുന്നു എന്നും അക്കാദമിക പ്രവര്ത്തനങ്ങള് തടസ്സപ്പെടാതെ '1 മില്ല്യന് തൂഫാന് ഗോള്സ് @ വേള്ഡ് കപ്പ് 2026' ക്യാമ്പെയിന് പ്രവര്ത്തനങ്ങള് നടത്തുന്നു എന്നു പ്രഥമാധ്യാപകര് ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1.എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും( താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഗവ /എയ്ഡഡ്/അൺഎയ്ഡഡ്  ഹൈ സ്കൂൾ പ്രധാനദ്ധ്യാപ്കർക്കും നൽകേണ്ടതാണ്

2. എല്ലാ ജോയിന്റ്   ഡയറക്ടർമാർക്കും ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി(താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഗവ /എയ്ഡഡ്/അൺഎയ്ഡഡ്  സ്കൂൾ പ്രിൻസിപ്പൽമാർക്കും നൽകേണ്ടതാണ് )

3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്:

സീക്രട്ട് വിഭാഗം

Digitally signed by
SNEHIL KUMAR SINGH
Date: 11-06-2026
10:48:23